"ഭരണഭാഷ-മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>

<u>സമയ ബന്ധിതം</u>

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/26825/2013(1)

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 17.01.2014.

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - അഖിലേന്ത്യാ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റ് ജനുവരി 2014 - പ്രാക്ടിക്കൽ പരീക്ഷ തീയതി പുനക്രമീകരിച്ച് വിവരം അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- അഖിലേന്ത്യാ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റ് ജനുവരി 2014-ന്റെ പരീക്ഷാ ടൈംടേബിൾ.

* * *

അഖിലേന്ത്യാ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റ് ജനുവരി 2014-ന്റെ പരീക്ഷാ ടൈംടേബിൾ പ്രകാരം ജനുവരി 20 മുതലാണ് പ്രാക്ടിക്കൽ പരീക്ഷ ആരംഭിക്കുന്നത്. എന്നാൽ ജനുവരി 20, 21 തീയതികളിൽ പൊതുമേഖല ബാങ്കുകൾ അഖിലേന്ത്യാ പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്നതിനാൽ ജനുവരി 20 ന് പ്രാക്ടിക്കൽ ചോദ്യക്കടലാസുകൾ ബാങ്കിൽ നിന്ന് സ്വീകരിക്കാൻ സാധിക്കാതെ വരും. പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായും പ്രസ്തുത പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും ജനുവരി 20 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 22 മുതൽ 24 വരെയുള്ള തീയതികളിലേക്ക് മാറ്റി പുനക്രമീകരിച്ചിരിക്കുന്നു എന്നുള്ള വിവരം അറിയിക്കുന്നു. ആയത് പ്രകാരം ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിവരം ബന്ധപ്പെട്ട ചോദ്യപേപ്പർ സൂക്ഷിച്ചിരിക്കുന്ന എസ്.ബി.ടി ശാഖകളിലും അറിയിക്കേണ്ടതാണ്.

(ഒപ്പ്)

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എല്ലാ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
(പ്രാക്ടിക്കൽ പരീക്ഷ എഴുതുന്ന ട്രെയിനികളെ പ്രസ്തുത വിവരം അറിയിക്കണമെന്ന നിർദ്ദേശത്തോടു കൂടി).

പകർപ്പ്:-
1. എസ്.ബി.ടി ശാഖകളിൽ നിന്നും ചോദ്യക്കടലാസുകൾ ശേഖരിച്ച് പരീക്ഷാ സെന്ററുകളിൽ എത്തിക്കാൻ നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്ക് (പ്രിൻസിപ്പാൾ മുഖാന്തിരം)
2. പ്രാക്ടിക്കൽ എക്സാമിനർമാരായി നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്ക് (പ്രിൻസിപ്പാൾ മുഖാന്തിരം)
3. എല്ലാ ഐ.ടി.മാർക്കും (ടി വിഷയത്തിൻ മേൽനോട്ടം വഹിക്കണമെന്ന നിർദ്ദേശത്തോടു കൂടി)
4. വെബ്സൈറ്റിലേക്ക് www.det.kerala.gov.in

ആർ.ഇ.17.1.14